# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6448. 08.07.2014 ൽ മറുപടിയ്ക്ക്

## സ്വകാര്യ ബസുകൾക്ക് പെർമിറ്റ് പുതുക്കി നൽകിയ നടപടി

| ചോദ്യം<br>ശ്രീ. എ.കെ. ബാലൻ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പെർമിറ്റ് അവസാനിച്ച സ്വകാര്യ ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾക്ക് പെർമിറ്റ് പുതുക്കി നൽകിയിട്ടുണ്ടോ ; എങ്കിൽ എത്ര റൂട്ടുകൾക്ക് പെർമിറ്റ് നൽകിയെന്ന് അറിയിക്കാമോ ; | (എ) | പെർമിറ്റ് കാലാവധി അവസാനിച്ച സ്വകാര്യ ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾക്ക് പെർമിറ്റ് പുതുക്കി നൽകിയിട്ടില്ല. എന്നാൽ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ വടകര റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയും, പാലക്കാട് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയും ഓരോ താല്ക്കാലിക പെർമിറ്റ് വീതം നൽകിയിട്ടുണ്ട്. |
| (ബി) | ആരാണ് പെർമിറ്റ് നൽകിയതെന്നും പെർമിറ്റ് നൽകിയ തീയതിയും നൽകിയ പെർമിറ്റുകളുടെ എണ്ണവും ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (ബി) | വടകര റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയിൽ നിന്ന് 27.06.2014 മുതൽ 17.07.2014 വരെയുള്ള കാലയളവിലേക്കും പാലക്കാട് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയിൽ നിന്ന് 20.03.2014 മുതൽ 19.07.2014 വരെയുള്ള കാലയളവിലേക്കും ഓരോ താൽകാലിക പെർമിറ്റ് വീതം നൽകിയിട്ടുണ്ട്. |
| (സി) | ഇപ്രകാരം പെർമിറ്റ് നൽകരുത് എന്ന കോടതി വിധി ശ്രദ്ധയിൽ പെട്ടിരുന്നോ ; എങ്കിൽ പെർമിറ്റ് നൽകാനുള്ള കാരണം വിശദമാക്കുമോ ; | (സി) | ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള സർവ്വീസുകൾ നടത്തുന്നതിനുള്ള അവകാശം കെ.എസ്.ആർ.ടി.സി.യ്ക്ക് മാത്രമായി നിജപ്പെടുത്തിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച 16/07/2013 ലെ ജി. ഒ.(പി) 73/13/ഗത. നം. ഉത്തരവിനെതിരെ സ്വകാര്യ ബസ്സുടമകൾ ബഹു. കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്ത് സ്റ്റേ സമ്പാദിച്ചിരുന്നുവെങ്കിലും സ്വകാര്യ സൂപ്പർ ക്ലാസ് സർവ്വീസുകൾക്ക് പകരമായി |

| | | | |
|---|---|---|---|
| | | | കെ.എസ്.ആർ.ടി.സി. ബസുകൾ ഓടിക്കാമെന്ന ഉറപ്പിന്മേൽ ബഹു. ഹൈക്കോടതി സ്റ്റേ നീക്കം ചെയ്ത് കേസ് അവസാനിപ്പിച്ചു. ടി കോടതിവിധി നിലവിൽ ഉണ്ടായിരുന്നപ്പോൾ മറ്റൊരു കോടതിവിധിയുടെ അടിസ്ഥാനത്തിൽ താൽക്കാലിക പെർമിറ്റുകൾ നൽകിയതിന്റെ കാരണം അന്വേഷിച്ചു വരികയാണ്. |
| (ഡി) | ഇപ്രകാരം പെർമിറ്റു നൽകുന്നത് കെ.എസ്.ആർ.ടി.സി. - യെ തകർക്കുമെന്നും, കോടതി വിധിയുടെ ലംഘനമാണെന്നും തീരുമാനം പുനഃപരിശോധിക്കണമെന്നും കെ.എസ്.ആർ.ടി.സി., ട്രാൻസ്പോർട്ട് കമ്മീഷണറോട് ആവശ്യപെട്ടിരുന്നോ ; എങ്കിൽ കെ.എസ്.ആർ.ടി.സി.യുടെ ആവശ്യം പരിഗണിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | (ഡി) | ഇത്തരം ഒരു ആവശ്യം കെ.എസ്.ആർ.ടി.സി. ഗതാഗത കമ്മീഷണറുടെ മുമ്പാകെ ഉന്നയിച്ചിരുന്നില്ല. |
| (ഇ) | നിലവിലെ ഗതാഗത നിയമമനുസരിച്ച് ഫാസ്റ്റും, എക്സ്പ്രസും വരെയുള്ള ദീർഘദൂര പെർമിറ്റുകൾ സ്വകാര്യ ബസ്സുകൾക്ക് നൽകാറുണ്ടോ ; എങ്കിൽ എന്നുമുതലാണ് ഇത്തരം പെർമിറ്റുകൾ നൽകി ഇടങ്ങിയത് ; | (ഇ) | 1988 ലെ മോട്ടോർവാഹന നിയമത്തിലെ 99,100 എന്നീ വകുപ്പുകൾ പ്രകാരം സർക്കാർ എസ്.ആർ.ഒ. നം. 555/13 ആയി വിജ്ഞാപനം ചെയ്ത സ്കീം നിലവിൽ വന്നതിനാൽ സ്വകാര്യ ബസുകൾക്ക് ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള സൂപ്പർ ക്ലാസ് സർവ്വീസുകൾക്കുള്ള പെർമിറ്റുകൾ ഇപ്പോൾ നൽകുന്നില്ല. |
| (എഫ്) | ഇപ്രകാരമുള്ള എത്ര പെർമിറ്റുകൾ സ്വകാര്യ ബസ്സുകൾക്ക് നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ; | (എഫ്) | വടകര റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയിൽ നിന്നും പാലക്കാട് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയിൽ നിന്നും ഓരോ താൽകാലിക പെർമിറ്റ് വീതം നൽകിയിട്ടുണ്ട്. |
| (ജി) | സ്വകാര്യ ബസ്സുകളുടെ പെർമിറ്റ് അവസാനിച്ച റൂട്ടുകളിൽ കെ.എസ്.ആർ. ടി.സി. സർവ്വീസ് ആരംഭിച്ചിരുന്നോ ; ഈ റൂട്ടുകളിൽ ഇപ്പോൾ കെ.എസ്. ആർ.ടി.സി.യാണോ സ്വകാര്യ ബസ്സുകളാണോ സർവ്വീസ് നടത്തുന്നത് ? | (ജി) | ആരംഭിച്ചു. ഇത്തരം 32 റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് ആരംഭിച്ചുകഴിഞ്ഞു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ.